# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : ASA S KUMAR** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/04/2024

1. കൊക്കോ കായയുടെ തോട് പൊട്ടിച്ച് കുരു വേർതിരിക്കുന്ന യന്ത്രത്തിനു പേറ്റന്റ് നേടി കേരള കാർഷിക സർവ്വകലാശാല. തവനൂർ കാർഷിക എൻജിനീയറിങ് കോളേജിലെ പ്രോസസിംഗ് ആൻഡ് ഫുഡ് എൻജിനീയറിങ് ഡിപ്പാർട്ട്മെന്റിനു കീഴിൽ പ്രവർത്തിക്കുന്ന അഖിലേന്ത്യ സംയോജിത കാർഷിക ഗവേഷണ കൗൺസിൽ സ്കീമിൽ കൊക്കോ തോട് പൊട്ടിക്കുന്നതിനുള്ള യന്ത്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാർഷിക സർവ്വകലാശാല തവനൂർ കാർഷിക എൻജിനീയറിങ് കോളേജിലെ അദ്ധ്യാപകരുടെ നേതൃത്തിലുള്ള സംഘമാണ് യന്ത്രം വികസിപ്പിച്ചെടുത്തിട്ടുള്ളത്.

2. കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിന് www.kfwfb.kerala.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷന് വയസ്സ് തെളിയിക്കുന്ന രേഖ, ആധാർ, വില്ലേജ് ഓഫീസറിൽ നിന്ന് ലഭിക്കുന്ന വാർഷിക വരുമാന സർട്ടിഫിക്കറ്റ്, കൃഷി/കൃഷി അനുബന്ധ/ കാർഷിക പ്രവർത്തനം സംബന്ധിച്ച കർഷകന്റെ സത്യപ്രസ്ഥാവന, കൃഷി അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം (കൃഷി ഓഫീസർ ഒഴികെ), ബാങ്ക് പാസ് ബുക്ക് പകർപ്പ്, ഭുമി നികുതി രസീത് / ഭൂമി രേഖ പാസ്സ്പോർട്ട് സൈസ് ഫോട്ടോ മുതലായവയാണ് ആവശ്യമായ രേഖകൾ. പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് ക്ഷേമനിധി പെൻഷൻ, അനാരോഗ്യ ആനുകൂല്യം, കുടുംബ പെൻഷൻ, അവശതാ ആനുകൂല്യങ്ങൾ, ചികിത്സാസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ഒറ്റത്തവണ ആനുകൂല്യം, വിദ്യാഭ്യാസ, ധനസഹായം, മരണാനന്തര ആനുകൂല്യം എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

3. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഫിഷറീസ് ഇൻഫർമേഷൻ പോർട്ടലായ ഫിംസിൽ (ഫിഷർമെൻ ഇൻഫർമേഷൻ മാനേജ്മെൻ്റ് സിസ്റ്റം) ഏപ്രിൽ 25 നകം രജിസ്റ്റർ ചെയ്യണമെന്ന് കോഴിക്കോട് റീജിയണൽ എക്സിക്യൂട്ടീവ് അറിയിച്ചു. മത്സ്യത്തൊഴിലാളി പാസ്സ് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ സഹിതം പൊന്നാനി താനൂർ, തിരൂർ, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ ക്ഷേമനിധി ബോർഡ് ഫിഷറീസ് ഓഫീസിൽ എത്തിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. കഴിഞ്ഞ വർഷം ഫിഷറീസ് വകുപ്പിന്റെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ചേർന്നവർ രജിസ്റ്റർ ചെയ്യേണ്ടതില്ല. മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതി, ഫിഷറീസ് വകുപ്പിന്റെയും ക്ഷേമനിധി ബോർഡിന്റെയും ക്ഷേമ പദ്ധതി ആനുകൂല്യങ്ങൾ, അപകട ഇൻഷുറൻസ് ആനുകൂല്യങ്ങൾ എന്നിവ ഫിംസിൽ രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ എന്നും കോഴിക്കോട് റീജിയണൽ എക്സിക്യൂട്ടീവ് അറിയിച്ചു. അവസാന തീയതി 2024 ഏപ്രിൽ 25 കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04952383472

4. പാലക്കാട് തിരുവാഴാംകുന്ന് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി ഏവിയൻ റിസർച്ച് സ്റ്റേഷനിൽ ഒരു ദിവസം പ്രായമുള്ള കോഴി, താറാവ്, കാട എന്നിവയുടെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 04924 293885, 6282907009 എന്ന നമ്പറുകളിൽ ബന്ധപ്പെടുക. ടർക്കിയും അലങ്കാര കോഴികളും അഡ്വാൻസ് ബുക്കിംഗ് മുഖാന്തരം ലഭ്യമാവുന്നതാണ് വെള്ളായണി കാർഷിക കോളജിലെ അനിമൽ ഹസ്ബൻഡറി വിഭാഗത്തിന് കീഴിലുള്ള പൗൾട്രി ഫാമിൽ നിന്നും ഗ്രാമശ്രീ ഇനത്തിൽപെട്ട 45 ദിവസം പ്രായമുള്ള മുട്ടക്കോഴികുഞ്ഞുങ്ങൾ ഒന്നിന് 130 രൂപ നിരക്കിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. കോഴിക്കുഞ്ഞുങ്ങളെ വാങ്ങാൻ താത്പര്യമുള്ളവർ അനിമൽ ഹസ്ബൻഡറി വിഭാഗത്തിൽ നേരിട്ടോ 9645314843 ഫോൺ മുഖേനയോ ബന്ധപ്പെടുക.

5. കൃഷിവകുപ്പിൻ്റെ ചിറയിൻകീഴ് സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിൽ ശ്രേയസ് ഇനം നെൽവിത്തും പച്ചക്കറിത്തൈകളും വിൽപനയ്ക്കുണ്ട്. ഫോൺ നമ്പർ 9383470299.

6. മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ 2024 ജൂൺ മാസം വിതരണം ചെയ്യുന്ന 46 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങൾക്കുള്ള ബുക്കിംങ്ങ് ആരംഭിച്ചതായി അസിസ്റ്റൻഡ് ഡയറക്ടർ അറിയിച്ചു. ഒരു ദിവസം പ്രായമായ പിടക്കുഞ്ഞുങ്ങളെ 25 രൂപയ്ക്കും, പൂവൻ കുഞ്ഞുങ്ങൾ 5 രൂപയ്ക്കും കോഴിവളം കിലോ 3 രൂപയ്ക്കും ലഭ്യമാണ്. ബുക്കിംങ്ങിനും അന്വേഷണങ്ങൾക്കും 04812373710, 8301897710 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെൻ്റർ ഫോർ ഇ-ലേണിംഗ്) "Soil Health Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിൻ്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി 2024 മെയ് 21. കോഴ്സ് ആരംഭിക്കുന്ന തിയ്യതി 2024 മെയ് 22. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.